**POLICE** **DEPARTMENT**

**KERALA**

**No.H1-10449/2024/KAP-I**

കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,
എറണാകുളം
✉cmdtkap1.pol@kerala.gov.in
☏04842781290
തീയതി.07-04-2025

**BO No. 146/2025/KAP-I**

വിഷയം : ശ്രീ പ്രശാന്ത് എൻ പി, (പെൻ:902477) പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 10155 നെതിരായ ശിക്ഷണനടപടികൾ - തീർപ്പുകൽപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 1) അസിസ്റ്റൻറ് കമാണ്ടൻറ് അഡ്ജ്യൂറ്റൻറിൻറെ 08-04-2024 തീയതിയിലെ 1294768/2024/കെ എ പി 1/ അഡ്ജ്യ നമ്പർ കത്ത്.

2) ഈ ഓഫീസിലെ 12-04-2024 തീയതിയിലെ എ5 (ബി)-4116/2024/കെ എ പി 1 നമ്പർ ഉത്തരവ്.

3) ഈ ഓഫീസിലെ 25-06-2024 തീയതിയിലെ H1-10449/2024/KAP-I നമ്പർ ഉത്തരവ്.

4) 23-12-2024 തീയതിയിലെ C No. 4660788/2024 നമ്പരായി 'ഡി' കമ്പനി ഓഫീസർ കമാണ്ടിംഗ് സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

5) ഈ ഓഫീസിലെ 27-12-2024 തീയതിയിലെ H1-10449/2024/KAP-I നമ്പർ കത്ത്.

6). 03-01-2025 തീയതിയിലെ C No. 28529/2025 നമ്പരായി 'ഡി' കമ്പനി ഓഫീസർ കമാണ്ടിംഗ് സമർപ്പിച്ച റിപ്പോർട്ട്.

7). ഈ ഓഫീസിലെ 27-01-2025 തീയതിയിലെ H1-10449/2024/KAP-I നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

8). ഈ ഓഫീസിലെ 02-02-2025 തീയതിയിലെ C No. 465856/2025 നമ്പരായി 'ഡി' കമ്പനി ഓഫീസർ കമാണ്ടിംഗ് സമർപ്പിച്ച കത്ത്.

കേരള ആംഡ് പോലീസ് ഒന്നാം ബറ്റാലിയനിൽ പ്രവർത്തിയെടുത്തു വന്നിരുന്ന ശ്രീ.പ്രശാന്ത് എൻ പി, പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 10155 (പെൻ 902477) നെ സംസ്ഥാന വ്യവസായ സംരക്ഷണ സേനയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിരുന്നതും, ശ്രീ.പ്രശാന്ത് എൻ പി യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യവസായ സംരക്ഷണ സേന കമാണ്ടൻറിൻറെ 18-08-2023 തീയതിയിലെ എസ് ഒ 175/2023/എസ് ഐ എസ് എഫ് നമ്പർ ഉത്തരവ് പ്രകാരം കേരള ആംഡ് പോലീസ് ഒന്നാം ബറ്റാലിയനിലേയ്ക്ക് മടക്കി അയച്ചുകൊണ്ട് ഉത്തരവായിട്ടുള്ളതും, 05-09-2023 തീയതി വിടുതൽ ചെയ്തിട്ടുള്ളതുമാണ്. ശ്രീ.പ്രശാന്ത് എൻ പി ഡ്യൂട്ടിയ്ക്ക് തിരികെ ഹാജരാകാത്തതിനെ തുടർന്ന് 27-01-2024 തീയതിയിലെ എ4-1567/2024/കെ എ പി 1 നമ്പർ പ്രകാരം ഡ്യൂട്ടിക്ക് ഹാജരാകുവാൻ നിർദ്ദേശിച്ച് മെമ്മോ നൽകിയിട്ടുള്ളതാണ്. തുടർന്നും ഡ്യൂട്ടിക്ക് ഹാജരാകാത്തതിനെ തുടർന്ന് അസിസ്റ്റൻറ് കമാണ്ടൻറ് അഡ്ജ്യൂറ്റൻറ് യഥാക്രമം 06-03-2024,18-03-2024, 05-04-2024 തീയതികളിൽ ശ്രീ.പ്രശാന്ത് എൻ പിയ്ക്ക് നോട്ടീസ് നൽകിയിട്ടുള്ളതും ആയത് ശ്രീ.പ്രശാന്ത് എൻ പി സ്ഥലത്ത് ഇല്ലാത്തതിനാൽ ശ്രീ.പ്രശാന്ത് എൻ പി യുടെ മാതാവ് കൈപറ്റിയിട്ടുള്ളതുമാണ്. ശ്രീ.പ്രശാന്ത് എൻ പി വിദേശത്തേയ്ക്ക് കടന്നു പോയതായി ടിയാൻറെ മാതാവിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളതാണ്. 06-09-2023 തീയതി മുതൽ ശ്രീ. പ്രശാന്ത് എൻ പി സേനയിൽ നിന്ന് ഒളിച്ചോടിയതായി (ഡെസർട്ടർ) പ്രഖ്യാപിച്ചുകൊണ്ട് മേൽ വായന 2 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

അവധി അപേക്ഷ സമർപ്പിച്ച് മേലധികാരികളുടെ അനുമതി വാങ്ങി മാത്രം വിദേശ രാജ്യത്തേയ്ക്ക് പോകുവാൻ പാടുള്ളു എന്നിരിക്കേ ആയതിന് വിരുദ്ധമായി ഡ്യൂട്ടിയിൽ നിന്നും അനധികൃതമായി വിട്ടുനിന്ന് വിദേശ രാജ്യത്തേക്ക് കടന്നു പോയത് കേരള സർക്കാർ ജീവനക്കാരുടെ സർവീസ് ചട്ടങ്ങളുടെ ലംഘനമാണ് എന്ന് പ്രഥമദൃഷ്ട്യാ വെളിവാകയാൽ ശ്രീ. പ്രശാന്ത് എൻ പി, പോലീസ് കോൺസ്റ്റബിൾ (ജനറൽ നമ്പർ 10155) നെതിരെ 1958 ലെ കേരള പോലീസ് വകുപ്പ് അന്വേഷണ ശിക്ഷണ അപ്പീൽ ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം ഒരു വാച്യാന്വേഷണം നടത്തുന്നതിന് മേൽ സൂചന (3) പ്രകാരം ഉത്തരവാകുകയും ആയതിൻപ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം പൂർത്തിയാക്കി ശ്രീ.പ്രശാന്ത് എൻ പി- ക്കെതിരായ ആരോപിതകുറ്റം തെളിഞ്ഞിട്ടുണ്ടെന്ന നിഗമനത്തിൽ സമർപ്പിച്ച ശിക്ഷണ നടപടികുറിപ്പുകൾ ആണ് മേൽ സൂചന 4- ൽ പരാമർശിച്ചിട്ടുള്ളത്. അന്വേഷണ ഉദ്യോഗസ്ഥൻറെ നിഗമനത്തിന്മേൽ ശ്രീ.പ്രശാന്ത് എൻ പി യുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ശിക്ഷണനടപടികുറിപ്പിൻറെ പകർപ്പ് നൽകികൊണ്ടുള്ള കത്താണ് മേൽ സൂചന 5- ൽ പരാമർശിച്ചിട്ടുള്ളത്. ശ്രീ.പ്രശാന്ത് എൻ പി, സ്ഥലത്ത് ഇല്ലാത്തതിനാൽ കത്ത് കൈമാറാൻ സാധിച്ചില്ലായെന്നും ശ്രീ.പ്രശാന്ത് എൻ പി യുടെ പിതാവ് പ്രസ്തുത കത്ത് കൈപ്പറ്റിയിട്ടുണ്ട് എന്നും ഓഫീസർ കമാൻഡിംഗ് 'ഡി' കമ്പനി മേൽ സൂചന 6 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

കുറ്റാരോപിതനെതിരായ ആരോപിതകുറ്റം തെളിഞ്ഞിട്ടുണ്ടെന്ന നിഗമനത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷണനടപടികുറിപ്പിനോട് പൂർണ്ണമായും യോജിച്ചുകൊണ്ട് കുറ്റാരോപിതനെ സർവ്വീസിൽ നിന്നും നിക്കം ചെയ്യുവാൻ താൽകാലികമായി തീരുമാനിച്ച കൊണ്ട് സൂചന 7 പ്രകാരം കുറ്റാരോപിതന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കുറ്റാരോപിതൻ സ്ഥലത്ത് ഇല്ലാത്തതിനാൽ കാരണം കാണിക്കൽ നോട്ടീസ് കുറ്റാരോപിതൻറെ പിതാവ് കൈപ്പറ്റിയിട്ടുള്ളതാണ് എന്ന് ഓഫീസർ കമാൻഡിംഗ് ഡി കമ്പനി മേൽ സൂചന 8 പ്രകാരം അറിയിച്ചിട്ടുള്ളതാണ്. കാരണം കാണിക്കൽ നോട്ടീസ് പത്രമാധ്യമം പ്രസിദ്ധികരിക്കാൻ നടപടി സ്വീകരിക്കുകയും, 26-02-2025 തീയതിയിലെ ചന്ദ്രിക, 27-02-2025 തീയതിയിലെ ദേശഭിമാനി എന്നീ ദിനപത്രങ്ങളിലെ കേരളത്തിലെ എല്ലാ എഡീഷനുകളിലും, കേരള സർക്കാർ വെബ്സൈറ്റിലും പ്രസിദ്ധികരിക്കുകയും ചെയ്തിട്ടുള്ളതാണ്. കുറ്റാരോപിതൻ കാരണം കാണിക്കൽ നോട്ടീസിന് മറുപടി ഒന്നും നാളിതു വരെ സമർപ്പിച്ചിട്ടില്ലാത്തതിനാൽ എൻറെ താൽകാലിക തീരുമാനം സ്ഥിരപ്പെടുത്തി കുറ്റാരോപിതൻ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുന്ന 06-09-2023 തീയതി മുതൽ

കാല പ്രാബലത്തിൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യ കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

എൻറെ മേൽ ഉത്തരവിനെതിരെ ഈ ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം അപ്പീൽ അതോറിറ്റിയായ ആംഡ് പോലീസ് ബറ്റാലിയൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന് അപ്പീൽ സമർപ്പിക്കാവുന്നതാണ് .

07-04-2025
Jackson Peter,
കമാണ്ടൻറ്

സ്വീകർത്താവ് : ശ്രീ.പ്രശാന്ത് എൻ പി, പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 10155 (പെൻ 902477) -ന് കേരള ആംഡ് പോലീസ് ഒന്നാം ബറ്റാലിയനിലെ ഓഫീസർ കമാൻഡിംഗ് ഡി കമ്പനി മുഖാന്തിരം.

പകർപ്പ് : :- കേരള ആംഡ് പോലീസ് ഒന്നാം ബറ്റാലിയനിലെ ഓഫീസർ കമാൻഡിംഗ് ഡി കമ്പനിയ്ക്ക് ഉത്തരവിൻറെ രണ്ടു പകർപ്പുകൾ നൽകുന്നു. ഉത്തരവിൻറെ ഒരു പകർപ്പ് ശ്രീ.പ്രശാന്ത് എൻ പി, പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 10155 നൽകി മറു പകർപ്പിൽ ആയതു കൈപ്പറ്റിയതിനുള്ള ടിയാൻറെ തീയതിയോടുകൂടിയ ഒപ്പ് അടയാളത്തോടെ തിരികെ നൽകുക. ഉത്തരവ് നേരിൽ കണ്ട് കൈമാറാൻ കഴിഞ്ഞില്ലായെങ്കിൽ ആ വിവരം അറിയിക്കേണ്ടതാണ്.

:-സംസ്ഥാന പോലീസ് മേധാവി, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ആംഡ് പോലീസ് ബറ്റാലിയൻ, ഇൻറലിജൻസ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

:-ഡെപ്യൂട്ടി കമാണ്ടൻറ്, അസിസ്റ്റൻറ് കമാണ്ടൻറ്, അഡ്ജുറ്റൻറ്, വിംഗ് I,II, ക്വാർട്ടർ മാസ്റ്റർ എന്നിവർക്ക് അറിവിലേക്കായി.

:-കെ എ പി ഒന്നാം ബറ്റാലിയനിലെ A1, A4, A5(a) & (b), A6, F1 & F2 എന്നീ സെക്ഷനുകൾക്ക് അറിവിനും അനന്തര നടപടിക്കുമായി.

:-കെ എ പി ഒന്നാം ബറ്റാലിയനിലെ എല്ലാ ഓഫീസർ കമാൻഡിംഗുമാർക്കും അറിവിലേക്കായി.

:-അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ്, മാനേജർ എന്നിവർക്ക് അറിവിലേക്കായി.

:-കെ എ പി ഒന്നാം ബറ്റാലിയനിലെ എല്ലാ ജൂനിയർ സൂപ്രണ്ടുമാർക്കും, കാഷ്യർക്കും അറിവിലേക്കായി.

:-കെ എ പി ഒന്നാം ബറ്റാലിയനിലെ കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് റ്റു കമാണ്ടൻറിന് അറിവിലേക്കായി.

:-കെ എ പി ഒന്നാം ബറ്റാലിയനിലെ എല്ലാ സെക്ഷനുകൾക്കും അറിവിലേക്കായി.

:- ബി ഒ ബുക്ക്, ബി ഒ ഫയൽ.

POLICE DEPARTMENT

KERALA

**No. H1-10449/2024/KAP-I**
കേരള ആംഡ് പോലീസ് ബറ്റാലിയൻ-I,
എറണാകുളം
✉cmdtkap1.pol@kerala.gov.in
📞04842781290
തീയതി. 16-04-2025

**അനുബന്ധം 4**

ശ്രീ.പ്രശാന്ത് എൻ പി, പോലീസ് കോൺസ്റ്റബിൾ ജനറൽ നമ്പർ 10155 എന്ന ഉദ്യോഗസ്ഥനെ 06.09.2023 തീയതി മുതൽ അനധികൃതമായി ഡ്യൂട്ടിയിൽ നിന്നും വിട്ട നിന്നതിന് ഒരു വകുപ്പതല അന്വേഷണം നടത്തി അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച ശിക്ഷണനടപടികറിപ്പുകളോട് യോജിച്ച കൊണ്ട് കുറ്റാരോപിതനെ സേവനത്തിൽ നിന്നും നീക്കം ചെയ്യാൻ താൽകാലികമായി തിരുമാനിച്ച കൊണ്ട് ഒരു കാരണം കാണിക്കൽ നോട്ടീസ് പുറപ്പെട്ടവിക്കുകയും, ആയത് കുറ്റാരോപിതനെ നേരിൽ കണ്ട് കൈമാറാൻ കഴിയാത്തതിനാൽ ദേശാഭിമാനി, ചന്ദ്രക എന്നീ ദിനപത്രങ്ങളിൽ പ്രസിദ്ധികരിച്ചിട്ടുള്ളതാണ്.

കുറ്റാരോപിതൻ കാരണം കാണിക്കൽ നോട്ടീസിന് സമാധാനം ഒന്നും സമർപ്പിച്ചിട്ടില്ലാത്തതിനാൽ താൽകാലിക തീരുമാനം സ്ഥിരപ്പെടുത്തി സേവനത്തിൽ നിന്നും നീക്കം ചെയ്യുകൊണ്ട് ഉത്തരവായ വിവരം ഇതിനാൽ അറിയിക്കുന്നു.

Jackson Peter
കമാണ്ടന്റ്